സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 216 2025 ഡിസംബർ 05 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വാഹനാപകടത്തിൽ സ്ഥാനാർത്ഥിക്ക് ഗുരുതര പരിക്ക്

തൃശ്ശൂർ: മാള സിപിഐഎം വിമത സ്ഥാനാർഥിക്ക് വാഹനാപകടത്തിൽ ഗുരുതര പരുക്ക്. മാള പഞ്ചായത്ത് ഒൻപതാം വാർഡ് സ്ഥാനാർഥി ടി.പി രവീന്ദ്രനാണ് പരുക്കേറ്റത്. ടി.പി രവീന്ദ്രൻ സഞ്ചരിച്ച സ്കൂട്ടറിൽ കാറിടിച്ചാണ് അപകടം. ആറ് വാരിയെല്ലുകൾ ഒടിഞ്ഞു, കാലിനും ഗുരുതര പരുക്ക്; രവീന്ദ്രൻ ആശുപത്രിയിൽ ചികിത്സയിൽ.

കാർ വൈദ്യുതി പോസ്റ്റിലിടിച്ച് അപകടം

തൃശ്ശൂർ: ചേലക്കര വാഴക്കോട് – പ്ലാഴി സംസ്ഥാനപാതയിൽ ചിറങ്കോണം മുസ്ലിം പള്ളിക്ക് സമീപം നിയന്ത്രണം വിട്ട കാർ വൈദ്യുതി പോസ്റ്റിലിടിച്ച് അപകടം. കാർ യാത്രികന് പരിക്കേറ്റു. ഇടിയുടെ ആഘാതത്തിൽ വൈദ്യുതി പോസ്റ്റ് നിലം പതിച്ചു. കാറിന്റെ മുൻഭാഗവും തകർന്നിട്ടുണ്ട്.

മൂന്നാം പിണറായി സർക്കാർ വരണമോയെന്ന് ജനങ്ങൾ തീരുമാനിക്കും: പിണറായി വിജയൻ

കൊച്ചി: മൂന്നാം പിണറായി സർക്കാർ വരണമോയെന്നത് ജനങ്ങൾ തീരുമാനിക്കേണ്ട കാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എംപിമാർ കേരളത്തിന്റെ അംബാസഡർമാരായി പ്രവർത്തിക്കേണ്ടവരാണെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് രാഹുൽ മാങ്കൂട്ടത്തിലിനെ അവതരിപ്പിച്ചത് ഭാവിയിലെ നിക്ഷേപമെന്ന രീതിയിലാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. എറണാകുളം പ്രസ് ക്ലബ്ബിൽ സംഘടിപ്പിച്ച മീറ്റ് ദ പ്രസ്സിൽ മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'പാർലമെന്റ് അംഗങ്ങൾ സർക്കാരിനുവേണ്ട കാര്യങ്ങൾ നേടിയെടുക്കാൻ ബാദ്ധ്യതപ്പെട്ടവരാണ്. ജോൺ ബ്രിട്ടാസ് മികച്ച ഇടപെടൽശേഷിയുള്ള എംപിയാണ്. നാടിന്റെ ആവശ്യം നേടിയെടുക്കാൻ എല്ലാ അംഗങ്ങളും ഒരുമിച്ച് നിൽക്കണം. സഭാ സമ്മേളനത്തിന് മുൻപ് പാർലമെന്റ് അംഗങ്ങളുടെ യോഗം വിളിക്കുന്നത് അതുകൊണ്ടാണ്. രാജ്യസഭാംഗമെന്ന നിലയിൽ ജോൺ ബ്രിട്ടാസ് ആ ഇടപെടൽ നടത്തുന്നുണ്ട്. എംപിമാർ കേരളത്തിന്റെ അംബാസഡർമാരായി പ്രവർത്തിക്കേണ്ടവരാണ്. നാടിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ അവർക്ക് ഉത്തരവാദിത്തമുണ്ട്. അല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള നടപടിയല്ല പ്രതീക്ഷിക്കേണ്ടത്.

മൂന്നാം പിണറായി സർക്കാരെന്നത് ജനങ്ങൾ തീരുമാനിക്കേണ്ട കാര്യമാണ്. എന്റെ കാര്യം പാർട്ടി തീരുമാനിക്കേണ്ടതാണ്. അത് നമ്മൾ ഇപ്പോൾ ചർച്ച ചെയ്തിട്ട് കാര്യമില്ല. രാഹുൽ മാങ്കൂട്ടത്തിലിന്റെ വിഷയം സർക്കാരിന്റെ ഒത്തുകളിയാണെന്നുവരെ ചിലർ പറഞ്ഞു. പൊലീസ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സാധാരണഗതിയിലുള്ള കാര്യങ്ങളാണോ പുറത്തുവന്നത്. മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ലൈംഗിക വൈകൃതങ്ങളല്ലേ പുറത്തുവന്നത്. ഇതൊക്കെ പൊതുപ്രവർത്തനത്തിന് ചേർന്നതാണോ? നേരത്തെതന്നെ കോൺഗ്രസ് നേതൃത്വത്തിന് ഇക്കാര്യങ്ങൾ അറിയാമായിരുന്നു. എന്നിട്ടും ഭാവിയിലെ നിക്ഷേപം എന്ന് വിശേഷിപ്പിച്ചാണ് രാഹുലിനെ അവതരിപ്പിച്ചത്. ഇങ്ങനെയുള്ളവരെ അകറ്റി നിർത്താനാണ് ഏതൊരു പാർട്ടിയും ശ്രമിക്കേണ്ടത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് മഹത്തായ പാരമ്പര്യമുള്ള ഒരു പാർട്ടിയാണ്. ആ പാരമ്പര്യം കളഞ്ഞുകുളിക്കുന്ന നിലപാടാണ് ഇപ്പോഴത്തേത്.

ശബരിമല സ്വർണക്കൊള്ളയിൽ പാർട്ടി കുറ്റക്കാരെ സംരക്ഷിക്കില്ല. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടക്കുകയാണ്. അതിൽ കൂടുതൽ അഭിപ്രായം പറയാനില്ല. മസാല ബോണ്ടിലെ കിഫ്ബിക്കെതിരായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ നോട്ടീസ് പരിഹാസ്യമാണ്. തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് നോട്ടീസ് അയച്ചത്. കിഫ്ബി വഴിയുള്ള വികസനം ഞങ്ങൾ ചെയ്തതാണ്. റിസർവ് ബാങ്ക് ഒഫ് ഇന്ത്യയുടെ അനുമതിയോടെയാണ് എല്ലാം ചെയ്തത്'– മുഖ്യമന്ത്രി പറഞ്ഞു.

പിഎം ശ്രീ വിഷയത്തിൽ ബ്രിട്ടാസിന്റെ ഇടപെടൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി പാർലമെന്റിൽ വെളിപ്പെടുത്തിയിരുന്നു. ഇത് വിവാദമായതിന് പിന്നാലെയായിരുന്നു മുഖ്യമന്ത്രിയുടെ വിശദീകരണം.

ഭരണനേട്ടം എണ്ണിപ്പറഞ്ഞുകൊണ്ടായിരുന്നു മുഖ്യമന്ത്രി സംസാരിച്ചു തുടങ്ങിയത്. കേരളത്തിലെ അടിസ്ഥാന സൗകര്യം ഏറെ മെച്ചപ്പെട്ടു. അതിദാരിദ്ര്യമുക്തമായ സംസ്ഥാനമായി കേരളം മാറി. ആരോഗ്യ രംഗത്തടക്കം വൻ മുന്നേറ്റമാണ് ഉണ്ടായത്. അധികാരവികേന്ദ്രീകരണം കേരളത്തിന്റെ വളർച്ചയ്ക്ക് കാരണമായെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദിലീപ് ശിക്ഷിക്കപ്പെടുമോ?

കൊച്ചി: കേരളം കാത്തിരിക്കുകയാണ്. നടി ആക്രമിക്കപ്പെട്ട കേസിൽ തിങ്കളാഴ്ച വരാനിരിക്കുന്ന വിധി കേൾക്കാൻ. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്. അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്താനുള്ള ക്വട്ടേഷൻ പ്രകാരം നടിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ചെന്നാണ് കേസ്.

നടൻ ദിലീപ് ഉൾപ്പെടെ 9 പ്രതികളാണ് വിചാരണ നേരിട്ടത്. പൾസർ സുനി എന്ന എൻ.എസ്.സുനിൽ കുമാർ ഒന്നാംപ്രതിയായ കേസിൽ ദിലീപ് എട്ടാംപ്രതിയാണ്. സുനിയെക്കാൾ ദിലീപിന്റെ കാര്യത്തിൽ കോടതി എന്തുപറയുമെന്നാണ് ദിലീപിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും പൊതുജനങ്ങളുമെല്ലാം കാത്തിരിക്കുന്നത്. ക്രിമിനൽ ഗൂഢാലോചന, തെളിവുനശിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് ദിലീപിനെതിരെയുള്ളത്.

നിയമജ്ഞരും കേസന്വേഷിച്ച പൊലീസുദ്യോഗസ്ഥരും നിരീക്ഷകരുമെല്ലാം പല തട്ടിലാണ്. ചിലർ ദിലീപിനെതിരായ ആരോപണങ്ങൾ തെളിയിക്കാൻ പ്രോസിക്യൂഷൻ ബുദ്ധിമുട്ടിയെന്ന് പറയുമ്പോൾ മറ്റുചിലർ ഗൂഢാലോചന തെളിഞ്ഞാൽ കടുത്ത ശിക്ഷ കിട്ടാൻ സാധ്യതയുണ്ടെന്നും പറയുന്നു.

ബലാൽസംഗക്കേസ്; മുൻകൂർജാമ്യംതേടി രാഹുൽ ഹൈക്കോടതിയിൽ

തിരു: ബലാൽസംഗക്കേസിൽ മുൻകൂർജാമ്യത്തിനായി രാഹുൽ മാങ്കൂട്ടത്തിൽ ഹൈക്കോടതിയെ സമീപിച്ചു. ജാമ്യം തള്ളിയ ഉത്തരവിൽ പിഴവുണ്ടെന്ന് രാഹുൽ. പരാതിക്കാരിക്കെതിരായ തെളിവുകൾ പരിഗണിച്ചില്ല. നടന്നത് ലഘുവിചാരണയെന്നും രാഹുൽ.

രാഹുലിന്റെ ജാമ്യാപേക്ഷ തിരുവനന്തപുരം സെഷൻസ് കോടതി തള്ളിയിരുന്നു. പരാതിയിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്ന് കണ്ടാണ് രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്ക് തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി മുൻകൂർ ജാമ്യം നിഷേധിച്ചത്. ബലാത്സംഗം, നിർബന്ധിത ഭ്രൂണഹത്യ എന്നീ കുറ്റങ്ങൾക്ക് പ്രോസിക്യൂഷൻ നല്കിയ ഡിജിറ്റൽ, മെഡിക്കൽ തെളിവുകൾ പരിശോധിച്ച ശേഷമാണ് കോടതിയുടെ ഉത്തരവ്. പരാതിക്കാരിയുമായുള്ളത് ഉഭയ സമ്മതത്തോടെയുള്ള ബന്ധമാണെന്ന രാഹുലിന്റെ വാദം കോടതി അംഗീകരിച്ചില്ല.

അടച്ചിട്ട കോടതി മുറിയിൽ നടന്ന വാദത്തിൽ ഡിജിറ്റൽ തെളിവുകളും മെഡിക്കൽ രേഖകളും പരിശോധിച്ച ശേഷമാണ് രാഹുൽ മാങ്കൂട്ടത്തിലിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളിയത്. രാഹുൽ അതിജീവിതയുമായി നടത്തിയ ചാറ്റുകൾ, ഫോൺ സംഭാഷണങ്ങൾ, ഭ്രൂണഹത്യ നടത്തിയതിന്റെ മെഡിക്കൽ രേഖകൾ എന്നിവ പ്രോസിക്യൂഷൻ ഹാജരാക്കി. ഇതിലൂടെ, ബലാത്സംഗം, നിർബന്ധിത ഭ്രൂണഹത്യ എന്നി കുറ്റങ്ങൾ പ്രഥമദൃഷ്ട്യാ നിലനിൽക്കുമെന്ന് കോടതിയെ ബോധ്യപ്പെടുത്താൻ പ്രോസിക്യൂഷനായി.

രാഹുൽ കുറ്റം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ടെന്ന് കോടതി വിലയിരുത്തി. രാഹുൽ ആത്മഹത്യാഭീഷണി മുഴക്കിയത് കൊണ്ടാണ് താൽപര്യമില്ലാതിരുന്നിട്ടും യുവതി ഗർഭഛിദ്രത്തിനുള്ള ഗുളിക കഴിച്ചത്. ശാരീരിക ബുദ്ധിമുട്ട് കാരണം യുവതി സ്വകാര്യ ആശുപത്രി ഡോക്ടറെ കണ്ട് ചികിൽസ തേടിയ രേഖകളും നിർണായകമായി. പരാതിക്കാരിയുമായുള്ള ബന്ധം ഉഭയസമ്മതത്തോടെയുള്ളതാണെന്ന വാദമാണ് രാഹുൽ മുന്നോട്ട് വെച്ചത്. ഇത് തെളിയിക്കാൻ രാഹുലും ഡിജിറ്റൽ രേഖകൾ ഹാജരാക്കി.

ഭ്രൂണഹത്യയ്ക്ക് പരാതിക്കാരിയെ നിർബന്ധിക്കുന്ന ഓഡിയോ രാഹുലിന് തിരിച്ചടിയായി. കേസന്വേഷണവുമായി സഹകരിക്കാൻ തയാറാണെന്ന് പ്രതിഭാഗം വാദിച്ചെങ്കിലും എട്ട് ദിവസമായി ഒളിവിലാണെന്ന വസ്തുതയും എംഎംഎൽയെന്ന നിലയിൽ പ്രതിക്കുള്ള സ്വാധീനവുമെല്ലാം പ്രോസിക്യൂഷൻ ഉന്നയിച്ചു. കെപിസിസിക്ക് മറ്റൊരു പെൺകുട്ടി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത ബലാത്സംഗക്കേസിലെ എഫ്ഐആർ കൂടി കോടതിക്ക് മുന്നിലെത്തിയെങ്കിലും ആദ്യ കേസിലെ വിവരങ്ങൾ പരിശോധിച്ചാണ് കോടതി മുൻകൂർ ജാമ്യഹർജി തള്ളിയത്. പ്രതിയുടെ സ്വാധീനവും ജാമ്യം നൽകിയാൽ സമൂഹത്തിന് മുന്നിൽ തെറ്റായ സന്ദേശമാകുമെന്നും ജാമ്യഹർജി തള്ളിക്കൊണ്ടുള്ള ഉത്തരവിൽ കോടതി വ്യക്തമാക്കുന്നു.

താളംതെറ്റി ഇൻഡിഗോ: കേരളത്തിലും ഒട്ടേറെ വിമാനസർവീസുകൾ വൈകുന്നു, ചിലത് റദ്ദാക്കി

തിരു/കണ്ണൂർ: ഇൻഡിഗോ വിമാനസർവീസുകൾ വൈകുന്നതും കൂട്ടത്തോടെ റദ്ദാക്കുന്നതും കേരളത്തിലും യാത്രക്കാരെ വലച്ചു. തിരുവനന്തപുരം, കണ്ണൂർ വിമാനത്താവളങ്ങളിൽ മണിക്കൂറുകളായി യാത്രക്കാർ കാത്തിരിക്കുകയാണ്. വെള്ളിയാഴ്ച ഫുജൈറയിൽനിന്ന് കണ്ണൂരിലേക്കുള്ള വിമാനം റദ്ദാക്കി. കണ്ണൂർ–തിരുവനന്തപുരം, കണ്ണൂർ–അബുദാബി വിമാനങ്ങൾ അനിശ്ചിതമായി വൈകുന്നു.

കണ്ണൂരിൽ വ്യാഴാഴ്ചയും ഇൻഡിഗോ വിമാനസർവീസുകളിൽ പ്രതിസന്ധി നേരിട്ടിരുന്നു. കണ്ണൂരിൽനിന്ന് ഏറ്റവും കൂടുതൽ സർവീസുകൾ നടത്തുന്നത് ഇൻഡിഗോയാണ്.

തിരുവനന്തപുരം വിമാനത്താവളത്തിലും വെള്ളിയാഴ്ച ഇൻഡിഗോ യാത്രക്കാർ വലഞ്ഞു. തിരുവനന്തപുരത്തേക്ക് വരുന്ന മൂന്ന് വിമാനങ്ങളും തിരുവനന്തപുരത്തുനിന്ന് പുറപ്പെടേണ്ട മൂന്നുവിമാനങ്ങളും വൈകുന്നു. തിരുവനന്തപുരം–പൂണെ, തിരുവനന്തപുരം–ബെംഗളൂരു ഉൾപ്പെടെ നാല് ഇൻഡിഗോ വിമാനസർവീസുകൾ വെള്ളിയാഴ്ച റദ്ദാക്കി. അതേസമയം, ഇൻഡിഗോ സർവീസുകൾ വൈകുന്നത് സംബന്ധിച്ച് മുൻകൂട്ടി അറിയിപ്പൊന്നും ലഭിച്ചിരുന്നില്ലെന്നാണ് യാത്രക്കാർ പറയുന്നത്.

കഴിഞ്ഞദിവസവും സംസ്ഥാനത്തെ വിവിധ വിമാനത്താവളങ്ങളിൽനിന്നുള്ള ഒട്ടേറെ ഇൻഡിഗോ സർവീസുകൾ റദ്ദാക്കിയിരുന്നു. പലതും മണിക്കൂറുകളോളം വൈകി. തിരുവനന്തപുരത്ത് 26 സർവീസുകളും നെടുമ്പാശ്ശേരിയിൽ 40 സർവീസുകളും കോഴിക്കോട്ട് 20 സർവീസുകളും കണ്ണൂരിൽ 18 സർവീസുകളുമാണ് കഴിഞ്ഞദിവസങ്ങളിൽ താളംതെറ്റിയത്.

കഴിഞ്ഞ മൂന്നുദിവസമായി രാജ്യവ്യാപകമായി ഇൻഡിഗോ സർവീസുകളിൽ വൻ പ്രതിസന്ധി നേരിടുകയാണ്. മൂന്നുദിവസത്തിനിടെ ഡൽഹി, മുംബൈ, അഹമ്മദാബാദ്, ഹൈദരാബാദ്, ചെന്നൈ എന്നിവിടങ്ങളിൽനിന്നുള്ള 550–ഓളം സർവീസുകളാണ് റദ്ദാക്കിയത്. നൂറിലേറെ വിമാനങ്ങൾ വൈകി. കുറച്ചുദിവസം കൂടി ഈ സ്ഥിതി തുടരാനാണ് സാധ്യത. ബുധനാഴ്ച ഇൻഡിഗോയുടെ 19.7 ശതമാനം സർവീസുകൾ മാത്രമാണ് കൃത്യസമയം പാലിച്ചത്. ചൊവ്വാഴ്ച ഇത് 35 ശതമാനവും തിങ്കളാഴ്ച 49.5 ശതമാനവുമായിരുന്നു. ദിവസവും ഏകദേശം 2300 വിമാനസർവീസുകളാണ് ഇൻഡിഗോയ്ക്കുള്ളത്.

ക്രൂ ഡ്യൂട്ടി ടൈം ചട്ടം നടപ്പാക്കിയതോടെ പൈലറ്റുമാരുടെ ക്ഷാമം നേരിടുന്നതാണ് തിരിച്ചടിയാകുന്നതെന്നാണ് സൂചന. പൈലറ്റുമാർക്ക് കൂടുതൽ വിശ്രമം അനുവദിക്കുന്ന ചട്ടം നവംബർ ഒന്നുമുതലാണ് നടപ്പായത്. ചട്ടം നടപ്പാക്കുന്നതിൽ വിമാനക്കമ്പനികൾക്കുണ്ടായ വീഴ്ചകളിലേക്കാണ് പ്രതിസന്ധി വിരൽ ചൂണ്ടുന്നതെന്ന് പൈലറ്റുമാരുടെ സംഘടനകൾ ആരോപിച്ചു.

രണ്ടാമത്തെ പീഡനക്കേസ്; അന്വേഷണം എസ് പി പുങ്കുഴലിയുടെ നേതൃത്വത്തിൽ

തിര: പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിനെതിരായ രണ്ടാമത്തെ ലൈംഗിക പീഡനക്കേസ് എസ്പി ജി പുങ്കുഴലിയുടെ നേതൃത്വത്തിലുള്ള സംഘം അന്വേഷിക്കും. പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്താനുള്ള ശ്രമം അന്വേഷണ സംഘം ആരംഭിച്ചുകഴിഞ്ഞു. മൊഴി നൽകാൻ തയ്യാറാണെന്ന് പരാതിക്കാരി കഴിഞ്ഞ ദിവസം ഇ–മെയിൽ വഴി അറിയിച്ചിരുന്നെന്നാണ് വിവരം.

യുവതി ഇ – മെയിൽ വഴി നൽകിയ പരാതി കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫാണ് പൊലീസിന് കൈമാറിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് ആസ്ഥാനത്താണ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പരാതിയിൽ യുവതിയുടെ കൂടുതൽ വിവരങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇ – മെയിൽ മേൽവിലാസം മാത്രമാണ് ഉണ്ടായിരുന്നത്. അതിനാൽ, കേസെടുത്തിട്ടുണ്ടെന്നും മൊഴി രേഖപ്പെടുത്താനുള്ള സമയം അറിയിക്കണമെന്നും ഈ ഇ – മെയിലിലേക്കാണ് പൊലീസ് കത്തയച്ചത്. അന്വേഷണവുമായി പൂർണമായും സഹകരിക്കാമെന്ന് യുവതി മറുപടി നൽകി. പരാതിക്കാരിയെ പൊലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്.

വളരെ സങ്കീർണമായ കേസാണിത്. 2023ലായിരുന്നു പീഡനം നടന്നത്. സാഹചര്യ തെളിവുകൾ ഉൾപ്പെടെ കണ്ടെത്തേണ്ടതുണ്ട്. അതിനാലാണ് വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഒരു വിദഗ്ദ്ധ സംഘത്തെ തന്നെ അന്വേഷണ ചുമതല ഏൽപ്പിച്ചത്. യുവതിയുടെ രഹസ്യമൊഴി ഉൾപ്പെടെ സംഘം ശേഖരിക്കും. ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘത്തിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥ കൂടിയായിരുന്നു പൂങ്കുഴലി.

കടകംപള്ളിയെ ചോദ്യംചെയ്യാതിരിക്കാൻ എസ്ഐടിക്കുമേൽ മുഖ്യമന്ത്രിയുടെ ഓഫീസ് സമ്മർദംചെലുത്തുന്നു– സതീശൻ

തിരു : ശബരിമല സ്വർണക്കൊള്ളയിൽ പ്രധാന സിപിഎം നേതാക്കളായ രണ്ട് ദേവസ്വംബോർഡ് പ്രസിഡന്റുമാർ ജയിലിലായിട്ടും അവർക്കെതിരേ നടപടി എടുക്കില്ലെന്ന വാശിയിലാണ് സിപിഎം എന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. അയ്യപ്പന്റെ സ്വർണം കവർന്ന കേസിൽ എസ്ഐടി അന്വേഷിച്ച് തെളിവുകൾ ഹാജരാക്കിയതിനെ തുടർന്ന് ജയിലിൽ കിടക്കുന്ന, കോടതി ജാമ്യം നിഷേധിച്ച, പ്രതികൾക്കെതിരേപോലും നടപടി എടുക്കാത്ത പാർട്ടിയാണ് സിപിഎം എന്നും അദ്ദേഹം വിമർശിച്ചു.

ശബരിമല സ്വർണക്കൊള്ള അന്വേഷിക്കുന്ന എസ്ഐടിയുടെ മീതേ അതിശക്തമായ സമ്മർദം മുഖ്യമന്ത്രിയുടെ ഓഫീസ് ചെലുത്തുന്നുണ്ടെന്നും സതീശൻ ആരോപിച്ചു. പരമാവധി വൈകിക്കാനേ പറ്റുകയുള്ളൂ. തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ കടകംപള്ളി സുരേന്ദ്രനെ ചോദ്യംചെയ്യരുത് എന്ന സമ്മർദം എസ്ഐടിക്ക് മീതെ മുഖ്യമന്ത്രിയുടെ ഓഫീസ് ചെലുത്തുന്നുണ്ട്. കാരണം, കടകംപള്ളിയുടെ പേര് മുൻ ദേവസ്വം ബോർഡ് പ്രസിഡന്റുമാർ പറഞ്ഞുകഴിഞ്ഞു. പ്രതിപക്ഷത്തിന്റെ പക്കലും കടകംപള്ളിയും ഉണ്ണിക്കൃഷ്ണൻ പോറ്റിയും തമ്മിൽ ബന്ധമുണ്ടെന്നതിന്റെ തെളിവുകളുണ്ട്. ചോദ്യംചെയ്യൽ, തിരഞ്ഞെടുപ്പ് കാലത്ത് അജണ്ടയാക്കാതിരിക്കാൻ വൈകിക്കാൻ പരമാവധി നോക്കുകയാണ്, സതീശൻ ആരോപിച്ചു.

പിഎം ശ്രീ ഒപ്പിട്ടതിന് പാലമായി പ്രവർത്തിച്ചത് ജോൺ ബ്രിട്ടാസ് ആണെന്നാണ് പറയുന്നത്. എന്തിനാണ് ഈ പാലം. പോളിറ്റ് ബ്യൂറോയും സെക്രട്ടേറിയേറ്റും കാബിനറ്റും അറിയാതെ ഇടതുമുന്നണി അറിയാതെ അമിത് ഷായും നരേന്ദ്ര മോദിയും പറഞ്ഞ സ്ഥലത്ത് ഒപ്പിട്ടുകൊടുത്തയളാണ് പിണറായി വിജയൻ. ആ ഒപ്പിട്ടുകൊടുക്കലിന്റെ ഇടനിലക്കാരനായിരുന്നു ബ്രിട്ടാസ് എന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. മന്ത്രിതന്നെ പാർലമെന്റിൽ പറഞ്ഞതാണത്. സിപിഎമ്മും ബിജെപിയും തമ്മിലുള്ള അവിഹിതബന്ധത്തിന് നേരത്തെ ശ്രീ എം ആയിരുന്നു ഇടനിലക്കാരൻ. മസ്കറ്റ് ഹോട്ടലിൽ വെച്ച് ആർഎസ്എസ് നേതാക്കളും പിണറായി വിജയനും തമ്മിൽ നടത്തിയ ചർച്ചകളുടെ ഇടനിലക്കാരൻ ശ്രീ എം ആണെങ്കിൽ ഇപ്പോൾ ഒരു പുതിയ ഇടനിലക്കാരൻ കൂടി വന്നിരിക്കുന്നു– ജോൺ ബ്രിട്ടാസ്, സതീശൻ പറഞ്ഞു.

ശബരിമല സ്വർണക്കൊള്ളക്കേസിലാണെങ്കിലും സിപിഎം–ബിജെപി അവിഹിത ബാന്ധവത്തിലാണെങ്കിലും പ്രതിപക്ഷം പറഞ്ഞിരുന്ന കാര്യങ്ങൾ ശരിയായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ് പുറത്തുവരുന്ന വിവരങ്ങൾ. ശബരിമലയിലെ കൊള്ള കേരളം ചർച്ച ചെയ്യുകയും തിരഞ്ഞെടുപ്പിൽ അതിന്റെ പ്രതിഫലനമുണ്ടാവുകയും ചെയ്യും.

യുവാവിനെ റോഡിൽ മരിച്ച നിലയിൽ കണ്ടെത്തി

പട്ടിക്കാട്: ചെമ്പൂത്രയിൽ യുവാവിനെ റോഡിൽ മരിച്ച നിലയിൽ കണ്ടെത്തി. കനാൽ പുറം സ്വദേശി വട്ടപ്പറമ്പിൽ പുത്തൻപുര വീട്ടിൽ രതീഷ് (44) ആണ് മരിച്ചത്

രാഹുലിനെതിരേ നടപടിയെടുത്ത് കോൺഗ്രസ്; ഇനി ചോദ്യമുനകൾ സിപിഎമ്മിനുനേർക്ക്

തിരു : രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസ് പുറത്താക്കിയതോടെ ചോദ്യങ്ങൾ ഉയരുന്നത് സിപിഎമ്മിനുനേർക്ക്. നിങ്ങൾ എപ്പോഴെങ്കിലും ഇതുപോലെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നാണ് സിപിഎമ്മിനോട് കോൺഗ്രസ് ചോദിക്കുന്ന ചോദ്യം. രാഹുലിനെതിരേ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന പുറത്താക്കൽ നടപടിയെ, രാഷ്ട്രീയമായി പ്രയോജനപ്പെടുത്താൻ കോൺഗ്രസ് മുന്നോട്ടുവെക്കുന്ന തന്ത്രവും ഇതുതന്നെ.

ജനപ്രതിനിധികളായ രാഷ്ട്രീയനേതാക്കൾക്കെതിരേ സ്വഭാവദൂഷ്യ ആരോപണങ്ങൾ മുൻപ് നിരവധി ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ രാഹുലിനെ പാർട്ടിഅംഗത്വത്തിൽനിന്നുതന്നെ പുറത്താക്കി എന്നതും ഇത്തരമൊരു നടപടി മുൻപെങ്ങും ഉണ്ടായിട്ടില്ല എന്നതുമാണ് ഇവിടെ കോൺഗ്രസിന് അനുകൂലമായ ഘടകം. സ്ത്രീകൾക്കെതിരേയുള്ള പരാതി വരുമ്പോൾ പാർട്ടി അന്വേഷണക്കമ്മിഷനും അതിന്റെ അടിസ്ഥാനത്തിൽ വിധിപറയുന്ന പാർട്ടി കോടതിയും തങ്ങൾക്കില്ലെന്നതാണ് രാഹുൽവിഷയത്തെ നേരിടാൻ കോൺഗ്രസിന്റെ പ്രത്യാക്രമണം. ഇത് സിപിഎമ്മിനെ അസ്വസ്ഥപ്പെടുത്തുന്നതുമാണ്.

ഷൊർണൂർ എംഎൽഎയായിരുന്ന പി.കെ. ശശിക്കതിരേ ആരോപണമുയർന്നപ്പോൾ അന്വേഷണക്കമ്മിഷനെ നിയോഗിച്ച് പാർട്ടിയിൽനിന്ന് തരംതാഴ്ത്തി തീർപ്പാക്കുകയാണ് സിപിഎം ചെയ്തത്. കൊല്ലം എംഎൽഎ മുകേഷിനെതിരേ കേസും കുറ്റപത്രവും വന്നപ്പോൾ, ധാർമികത ചൂണ്ടിക്കാട്ടി രാജിവെച്ചാൽ, കുറ്റക്കാരനല്ലെന്ന് തെളിഞ്ഞുകഴിഞ്ഞ് ധാർമികതയിലൂടെ തിരിച്ചുവരാൻ കഴിയുമോയെന്നായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ചോദിച്ചത്.

പാർട്ടിക്കുള്ളിൽ പരാതിവരുകയും പാർട്ടിയിൽനിന്ന് പുറത്താകുകയും ചെയ്ത മറ്റൊരുനേതാവ് പി. ശശിയാണ്. പക്ഷേ, ശശി ജനപ്രതിനിധിയായിരുന്നില്ല. 2011–ൽ പാർട്ടിയിൽനിന്ന് പുറത്തായ പി. ശശി, എട്ടുവർഷംകൊണ്ട് പഴയപ്രതാപത്തിലേക്ക് തിരിച്ചെത്തി.

സ്വഭാവദൂഷ്യ ആരോപണത്തിൽ മന്ത്രിസ്ഥാനത്തുനിന്ന് പുറത്തായ പി.ടി. ചാക്കോ രാഷ്ട്രീയത്തിൽനിന്നുതന്നെ പടിയിറങ്ങുന്നതാണ് പിന്നീട് കണ്ടത്. എ. നീലലോഹിതദാസൻ, പി.ജെ. ജോസഫ്, എ.കെ. ശശീന്ദ്രൻ, കെ.ബി. ഗണേഷ് കുമാർ എന്നിവരാണ് ഇത്തരം ആരോപണങ്ങളുടെ പേരിൽ മന്ത്രിസ്ഥാനം പോയവർ.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

R.C.P. 8/2024

IA: 1385/2025

റഹീം –വിധിഉടമ ചാലക്കുടി താലൂക്ക് വടക്കുംഭാഗം വില്ലേജ് അഷ്ടമിച്ചിറ ദേശത്ത് കണ്ണങ്കാട്ടിൽ ചന്ദ്രൻ മകൾ അമൃത കെ.സി –വിധികടക്കാരി

മേൽനമ്പിൽ വിധികടക്കാരിക്കുള്ള നോട്ടീസ് പതിച്ചു തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ളവർ അന്നേ തിയ്യതി നടത്തുന്നതിനനുവദിച്ച് മേൽ നമ്പ് കേസ് 20–12–2025 അക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കോടതിയിൽ ഹാജരായി അല്ലാത

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഡോ. മീനു പ്രസന്നൻ മിസിസ് കേരള, ഷിഫ ബാദുഷ മിസ് കേരള

തൃശൂർ: എക്സ്പ്രഷൻസ് മീഡിയ സംഘടിപ്പിച്ച മിസ് ആൻഡ് മിസിസ് കേരള ബോൾഡ് ആൻഡ് ബ്യൂട്ടി ഫുൾ സീസൺ 8 മൽസരത്തിൽ ഡോ. മീനു പ്രസന്നൻ -തൃശൂർ മിസിസ് കേരളയായും ഷിഫാ ബാദുഷ -എറണാകുളം മിസ് കേരളയായും തെരഞ്ഞെടുക്കപ്പെട്ടു. തൃശൂർ ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ പീഡിയാട്രിക് ഡെന്റൽ സ്പെഷലിസ്റ്റാണു ഡോ. മീനു.

ഹയാത്ത് റീജൻസിയിൽ നടന്ന മിസ് കേരള, മിസിസ് കേരള ഗ്രാൻഡ് ഫിനാലെ മൽസരങ്ങളിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട 12 വീതം മൽസരാർത്ഥികളാണു പങ്കെടുത്തത്. മിസ് കേരള വിഭാഗത്തിൽ സൂര്യ- മലപ്പുറം ഫസ്റ്റ് റണ്ണറപ്പും അംഗിത വയനാട് സെക്കൻഡ് റണ്ണറപ്പുമായി. മിസിസ് കേരള മൽസരത്തിൽ അഖില സോമരാജൻ -തിരുവനന്തപുരം ഫസ്റ്റ് റണ്ണറപ്പും അശ്വതി മനോജ് -കാസർകോട് സെക്കൻഡ് റണ്ണറപ്പുമായി. ജേതാവായ തൃശൂരിന്റെ ഡോ മീനു പ്രസന്നനെ ബ്രാൻഡ് അംബാസഡറായി തെരഞ്ഞെടുത്തു.

പ്രശസ്ത ചലച്ചിത്ര താരം സാധിക വേണുഗോപാൽ, ബാംഗ്ലൂരിലെ പ്രശസ്ത മോഡലായ ആകാൻഷ, ബിഗ് ബോസ് സീസൺ 6 താരം അഭിഷേക് എന്നിവരടങ്ങുന്ന ജൂറിയാണ് ജേതാക്കളെ തെരഞ്ഞെടുത്തത്.

എക്സ്പ്രഷൻസ് മീഡിയ ചെയർമാൻ സി.എസ്. പിന്റോ, ഷോ ഡയറക്ടറും എക്സ്പ്രഷൻസ് മീഡിയ എംഡിയുമായ സുജിത ധനേഷ്, ബിഗ് ബോസ് സീസൺ 6 ജേതാവ് ജിന്റോ, സീരിയൽ താരം ശിൽപ ശിവദാസ്, റോട്ടറി ക്ലബ് ഓഫ് തൃശൂർ മെട്രോ പ്രസിഡന്റ് ജോസ് പുതുക്കാടൻ തുടങ്ങിയവർ സംസാരിച്ചു.

കടവല്ലൂർ പഞ്ചായത്തിൽ മുസ്ലിം ലീഗ് നേതാക്കൾ പ്രചാരണ പര്യടനം നടത്തി

പെരുമ്പിലാവ്: യു.ഡി.എഫ്. സ്ഥാനാർഥികളെ വിജയിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കടവല്ലൂർ പഞ്ചായത്തിൽ മുസ്ലിംലീഗ് നേതാക്കൾ പര്യടനം നടത്തി.ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥി എം.എസ്.മണികണ്ഠന് കൈപ്പത്തി അടയാളത്തിലും, ബ്ലോക്ക് പഞ്ചായത്ത് സ്ഥാനാർത്ഥി നാസർ കടവല്ലൂരിനും,ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് സ്ഥാനാർത്ഥി സുഹൈൽ കടവല്ലരിനും,കോണി അടയാളത്തിലും,നാലാം സ്ഥാനാർത്ഥി നഫീസ യൂസഫിന് കൈപ്പത്തി അടയാളത്തിലും,വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കുന്നംകുളം നിയോജകമണ്ഡലം മുസ്ലീംലീഗ് നേതാക്കൾ കടവല്ലൂരിൽ പര്യടനം നടത്തി.ജില്ലാ പഞ്ചായത്തിലും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലും, കടവല്ലൂർ ഗ്രാമ പഞ്ചായത്തിലും യു.ഡി.എഫ്.ഭരണം ഉറപ്പാക്കാൻ യു.ഡി.എഫിന്റെ സ്ഥാനാർത്ഥികളെ വിജയിപ്പിക്കേണ്ടത് നാടിന്റേയും,കാലഘട്ടത്തിന്റേയും ആവശ്യമാണെന്ന് നേതാക്കൾ പറഞ്ഞു.നഷ്ടപ്പെട്ട പ്രതാപം തിരിച്ചുപിടിക്കാൻ കൂടെ നിൽക്കണമെന്ന് വോട്ടർമാരോട് നേതാക്കൾ അഭ്യർത്ഥിച്ചു.മുസ്ലിം ലീഗ് നേതാക്കളായ നിയോജകമണ്ഡലം പ്രസിഡണ്ട് കെ.സി. മൊയ്തുട്ടി,മുസ്ലീംലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം,മണ്ഡലം ജനറൽ സെക്രട്ടറി ഗഫൂർ പള്ളിക്കുളം, ജില്ലാ പ്രവർത്തക സമിതി അംഗം എം. എസ്.ബഷീർ എന്നിവർ സ്ഥാനാർത്ഥികൾക്കൊപ്പം പ്രചാരണ പര്യടനം നടത്തി.

കോടതി പരസ്യം

ബഹു. തൃശ്ശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 334/2025

ഹർജിക്കാർ

1. താനെ ജില്ല താനെ താലൂക്ക് വാശിനോട് വില്ലേജ് വാശി ദേശത്ത് വാശി പി.ഒ., പിൻ 400703, നവ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ മഹാവീർശരൺ പ്ലോട്ട് നമ്പർ 197, ഫ്ളാറ്റ് നമ്പർ 2-ൽ താമസം നരിയ ുള്ളി സുഭാഷ് ഭാര്യ അദ്ധ്യാപിക 54 വയസ്സ് ലത സുഭാഷ് നരിയമ്പുള്ളി

2. താനെ ജില്ല താനെ താലൂക്ക് വാശിനോട് വില്ലേജ് വാശി ദേശത്ത് വാശി പി.ഒ, പിൻ 400703, നവ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ മഹാവീർശരൺ പ്ലോട്ട് നമ്പർ 197, ഫ്ളാറ്റ് നമ്പർ 2-ൽ താമസം നരിയമ്പുള്ളി സുഭാഷ് മകൻ 28 വയസ്സ് ദിലേഷ് സുഭാഷ് നരിയമ്പുള്ളി

ഹർജി മാർജിൻ

താനെ ജില്ല താനെ താലൂക്ക് വാശിനോട് വില്ലേജ് വാശി ദേശത്ത് വാശി പി. ഒ, പിൻ 400703, നവ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ മഹാ വീർശരൺ പ്ലോട്ട് നമ്പർ 197, ഫ്ളാറ്റ് നമ്പർ 2-ൽ താമസക്കാർ നരിയമ്പുള്ളി സുഭാഷ് മകൻ വിദ്യാർത്ഥി 16 വയസ്സ് ശ്രീയേഷ് സുഭാഷ് നരിയമ്പുള്ളി

ഹർജിമാർജിനിൽ പറയുന്ന മൈനർ ശ്രീയേഷ്, സുഭാഷ് നരിയമ്പുള്ളി എന്നവരുടെ ദേഹത്തിനും സ്വത്തിനും 1-ാം ഹർജിക്കാരിയെ രക്ഷിതാവായി നിയമിക്കുന്നതിനും മൈനറുടെ പേരിലുള്ള ചാവക്കാട് വില്ലേജ് സർവ്വെ 18/2-1ൽപ്പെട്ട 1.62 ആർസ് വഹകൾ തീറു വിൽക്കുന്നതിനായി മാതാവും രക്ഷിതാവും ഉറ്റ ബന്ധുവുമായ 1-ാം ഹർജിക്കാരിയെ അനുവദിച്ച് ഉത്തരവാകുന്നതിനും മറ്റുമായി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പ്രി ഹർജി **20/12/2025** തിയ്യതി ലേക്ക് വിചാരണക്ക് വച്ചിരിക്കുന്നു. ടി ഹർജിക്കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ടി ആക്ഷേപസംഗതി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഹർജി അനുവദിച്ച് കേസിൽ തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 25/11/2025
ഹർജി ഭാഗം അഡ്വക്കേറ്റ് :
പി.ആർ ആനന്ദൻ (ഒപ്പ്)

സംസ്ഥാനത്ത് മണ്ണെണ്ണ വില ഉയർന്നു

തൃശ്ശൂർ: സംസ്ഥാനത്ത് മണ്ണെണ്ണയ്ക്ക് വിലക്കയറ്റം. ലിറ്ററിന് 74 രൂപയായി ഉയർന്നു. ആറ് മാസം കൊണ്ട് മണ്ണെണ്ണയ്ക്ക് ലിറ്ററിന് 13 രൂപയാണ് കൂടിയത്. ജൂണിൽ ലിറ്ററിന് 61 രൂപയായിരുന്നു. ഇതാണ് ഡിസംബർ മാസം ആകുമ്പോഴേക്ക് 74 രൂപയായി ഉയർന്നത്. മണ്ണെണ്ണയുടെ വില ഉയർന്നതോടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. റേഷൻ കടകളിൽ പോലും മണ്ണെണ്ണ കിട്ടാക്കനിയായി മാറിയിരിക്കുകയാണ്.

പ്രതി പിടിയിൽ

തൃശ്ശൂർ: പേരാമംഗലം ഹോണ്ടിച്ചതിനെ ചൊല്ലിയുള്ള തർക്കത്തിനിടെ മൂന്നുപേർക്ക് കുത്തേറ്റ സംഭവത്തിൽ പ്രതി പിടിയിലായി. കേച്ചേരി സ്വദേശി കൃഷ്ണ കിഷോറിനെയാണ് പേരാമംഗലം പോലീസ്പിടികൂടിയത്.

പൊതു തിരഞ്ഞെടുപ്പ്; മറ്റു ജില്ലകളിലുള്ളവർക്ക് വോട്ട് ചെയ്യുന്നതിന് സ്പെഷ്യൽ ലീവ്

തൃശൂർ: 2025 ലെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ വോട്ടെടുപ്പ് തീയതിയായ ഡിസംബർ 11 ന് സർക്കാർ വേതനത്തോടുകൂടിയുള്ള പൊതു അവധി പ്രഖ്യാപിച്ചു. നിലവിൽ തൃശ്ശൂർ ജില്ലയിൽ ജോലി ചെയ്യുന്നതും ഡിസംബർ 9 ന് വോട്ടെടുപ്പ് നടക്കുന്ന മറ്റ് ജില്ലകളിലെ ഏതെങ്കിലും തദ്ദേശ സ്വയം ഭരണ പരിധിയിൽ വോട്ട് ഉള്ളതുമായ ഉദ്യോഗസ്ഥർക്ക് സമ്മതിദാനം വിനിയോഗിക്കുന്നതിന് രേഖാമൂലം ഓഫീസ് മേധാവിക്ക് അപേക്ഷ നൽകിയാൽ ഡ്യൂട്ടി അല്ലെങ്കിൽ സ്പെഷ്യൽ ലീവായി പരിഗണിക്കും.

മറ്റ് വാണിജ്യ, വ്യാപാര, വ്യവസായ സ്ഥാപനങ്ങളിലോ സ്വകാര്യ തൊഴിലിടങ്ങളിലോ സേവനം ചെയ്യുന്ന തൊഴിലാളികൾക്ക് തങ്ങളുടെ സമ്മതിദാനം വിനിയോഗിക്കുന്നതിന് വേതനത്തോടുകൂടെയുള്ള അവധി തൊഴിലുടമ അനുവദിക്കേണ്ടതാണെന്നും കൂടാതെ സ്ഥാപനത്തിൽ ദിവസവേതനത്തിലോ, സ്ഥിരമായോ ജോലി ചെയ്യുന്ന തൊഴിലാളികൾ വോട്ടെടുപ്പ് നടക്കുന്ന മറ്റ് ജില്ലകളിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ പരിധിയിൽ വോട്ട് ഉള്ളവരാണെങ്കിൽ അവർക്ക് വേതനത്തോടു കൂടി തന്നെ തങ്ങളുടെ സമ്മതിദാനം വിനിയോഗിക്കുന്നതിന് വേണ്ട നടപടികൾ തൊഴിലുടമ സ്വീകരിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ അറിയിച്ചു.

ഇരിങ്ങാലക്കുടയിൽ ആവേശമായി തെരഞ്ഞെടുപ്പ് റാലി

ഇരിങ്ങാലക്കുട: നഗരസഭയിൽ ഭരണമാറ്റത്തിന്റെ വിളംബരമായി എൽ ഡി എഫ് തെരഞ്ഞെടുപ്പ് റാലി. അയ്യങ്കാളി സ്കയറിൽ നിന്ന് തുടങ്ങിയ റാലിയുടെ മുൻനിരയിൽ മന്ത്രി ആർ ബിന്ദുവിനൊപ്പം 43 സ്ഥാനാർഥികൾ അണിനിരന്നു പിറകിൽ തെരഞ്ഞെടുപ്പ് ചിഹ്നങ്ങൾ ആലേഖനം ചെയ്ത കൊടികളും ബലൂണുകളും സ്ഥാനാർഥികളുടെ ചിത്രങ്ങളുള്ള പ്ലക്കാർഡുകളുമായി നൂറുകണക്കിനാളുകളും. വാദ്യമേളങ്ങളും തെയ്യവും റാലിക്ക് മിഴിവേകി. പൂതംകുളം മൈതാനിയിൽ പൊതുസമ്മേളനം സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു.

അഡ്വ പി ജെ ജോബി അധ്യക്ഷനായി. സി പി ഐ എം സംസ്ഥാന കമ്മിറ്റി അംഗം ആർ ബിന്ദു പ്രകടനപത്രിക സമർപ്പിച്ചു. സി പി ഐ ജില്ല സെക്രട്ടറി കെ ജി ശിവാനന്ദൻ, മുന്നണി നേതാക്കളായ ടി കെ വർഗീസ്, രാജു പാലത്തിങ്കൽ, അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി, ഗിരിഷ് മണ പെട്ടി, റഷീദ് കാട്ടൂർ, പി മണി, കെ ശ്രീകുമാർ, സി പി ഐ എം ജില്ലക്കമ്മിറ്റി അംഗങ്ങളായ ഉല്ലാസ് കളക്കാട്ട്, അഡ്വ. കെ ആർ വിജയ, വി എ മനോജ് കുമാർ, ആർഎൽ ശ്രീലാൽ എന്നിവർ സംസാരിച്ചു. സി പി ഐ എം ജില്ല സെക്രട്ടറി കെ വി അബ്ദുൾ ഖാദർ പങ്കെടുത്തു.

അറിയിപ്പ്

തൃശൂർ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ തൃശ്ശൂർ താലൂക്ക് വികസന സമിതിയുടെ ഡിസംബർ മാസത്തെ യോഗം ഉണ്ടായിരിക്കുന്നതല്ലെന്ന് തൃശ്ശൂർ താലൂക്ക് വികസന സമിതി കൺവീനറായ തൃശ്ശൂർ തഹസിൽദാർ അറിയിച്ചു.

ശ്രീ ശാസ്താ ക്ഷേത്രത്തിലെ ഉത്രം മഹോത്സവം

ഇരിങ്ങാലക്കുട : തളിയക്കോണം പഞ്ചിക്കാട് ശ്രീ ശാസ്താ ക്ഷേത്രത്തിലെ ഉത്രം മഹോത്സവം ഈ മാസം 10, 11, 12 തിയ്യതികളിൽ വിവിധ പരിപാടികളോടെ ആഘോഷിക്കും പ്രാസാദശുദ്ധി, ചതുശുദ്ദി ചാക്യാരും ചങ്ങാതിയും അവിട്ടത്തൂർ ശ്രീജിത്ത് ആന്റ് പാർട്ടിയുടെ പഞ്ചാരിമേളം അന്നദാനം, കാഴ്ച ശീവേലി പാണ്ടിമേളം എന്നിവ വിവിധദിവസങ്ങളിൽ നടക്കും മഹോത്സവത്തിന്റെ വിപുലമായ നടത്തിപ്പിന് വേണു കീരത്ത്, സോമനാഥൻ പുളിയത്തു പറമ്പിൽ രക്ഷാധികാരികൾ ഷാജൻ പുളി പറമ്പിൽ പ്രസിഡണ്ട് അജിത്ത് കുമാർകീരത്ത് സെക്രട്ടറി, ശിവദാസൻ നീലങ്ങാട്ടിൽ ഗ്രഷറർ ശിവജി തെക്കുട്ട് ജനറൽ കൺവീനർ എന്നിവരടങ്ങുന്ന വിപുലമായ കമ്മറ്റി പ്രവർത്തിച്ചു വരുന്നു.

ഗതാഗത നിയന്ത്രണം

വടക്കാഞ്ചേരി: പുല്ലാനിക്കാട് - മംഗലം - പനങ്ങാട്ടുകര റോഡിൽ ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ ഇന്ന് (ഡിസംബർ 5) മുതൽ പുന്നംപറമ്പ് മുതൽ വടക്കാഞ്ചേരി പള്ളി വരെയുള്ള റോഡിൽ ഗതാഗതം തടസ്സപ്പെടും. വടക്കാഞ്ചേരിയിൽ നിന്നും പുന്നംപറമ്പ് ഭാഗത്തേക്കുള്ള വാഹനങ്ങൾ ഓട്ടുപാറ - വാഴാനി റോഡ് വഴിയും പുന്നംപറമ്പിൽ നിന്നും വടക്കാഞ്ചേരി ഭാഗത്തേക്കുള്ള വാഹനങ്ങൾ കാരുമാത്ര - ഓട്ടുപാറ വഴിയിലൂടെയും തിരിഞ്ഞു പോകേണ്ടതാണെന്ന് വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി നിരത്തുകൾ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

തൃശൂർ കോർപ്പറേഷൻ ലാലൂർ വാർഡിൽ മത്സരിക്കുന്ന എഴുത്തുകാരി ലിസിയുടെ വിജയത്തിനായി വനിതാസാഹിതി ജില്ലാ കമ്മറ്റി പ്രചരണം നടത്തി.ജില്ല പ്രസിഡണ്ട് കെ.പി. സെലീന,ജില്ല സെക്രട്ടറി ഡോ. ബീന.കെ.ആർ, സംസ്ഥാന ജോ. സെക്രട്ടറി ഡോ. ഡി.ഷീല എന്നിവർ നേതൃത്വം നൽകി.

അമല മെഡിക്കൽ വിദ്യാർത്ഥികൾക്ക് ബറോഡ അച്ചീവേഴ്സ് അവാർഡ്

അമലനഗർ: അമല മെഡിക്കൽ കോളേജ് വിദ്യാർത്ഥികളായ ഡോ. അഭിനവിന് അക്കാദമിക് മികവിനും, ഫെലിക്സ് ജോണിക്ക് സ്പോർട്ട്സിനും, സിദ്ധാർഥ് മഹേഷ് മേനോന് ആൾ റൗണ്ട് മികവിനും ബറോഡ ബാങ്കിന്റെ അച്ചീവേഴ്സ് അവാർഡ് ലഭിച്ചു.

ഡെപ്യൂട്ടി റീജിയണൽ മാനേജർ കെ. പി. ശങ്കരൻ അവാർഡ് വിതരണം ചെയ്തു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ് എന്നിവർ പങ്കെടുത്തു.

ഭർത്തൃമതിയായ സ്ത്രീയെ ജോലി വാഗ്ദാനം ചെയ്ത് വീട്ടിലേക്ക് വിളിച്ചുവരുത്തി ലൈഗികാതിക്രമം നടത്തിയ കേസ്സിലെ പ്രതി റിമാന്റിലേക്ക്

വാടാനപ്പിള്ളി : 08.04.2021 തിയ്യതി വൈകീട്ട് 05.30 മണിയോടെ പരാതിക്കാരിയായ സ്ത്രീക്ക് ജോലി ശരിയാക്കിയിട്ടുണ്ടെന്ന് വാഗ്ദാനം ചെയ്ത് വീട്ടിലേക്ക് വിളിച്ചുവരുത്തി ലൈഗികാതിക്രമം നടത്തിയ സംഭവത്തിന് വാടാനപ്പള്ളി തൃത്തല്ലൂർ സ്വദേശി ഇയ്യാനി കോറോത്ത് വീട്ടിൽ സന്തോഷ് 59 വയസ്സ് എന്നയാളെയാണ് കൊടുങ്ങല്ലൂർ ഡി വൈ എസ് പി ബിജുകുമാർ പി സി യുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം കുണ്ടുകാടുള്ള പ്രതിയുടെ ബന്ധുവീട്ടിൽ നിന്നും പിടികൂടിയത്. നടപടിക്രമങ്ങൾക്ക് ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കും.

സന്തോഷ് വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ പൊതു മുതൽ നശിപ്പിച്ച കേസ്സിലും, സർക്കാർ ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി തടസ്സപ്പെടുത്തിയ കേസ്സിലും, ഗതാഗത തടസ്സം സൃഷ്ടിച്ച് പൊതു നിരത്തിലൂടെ ജാഥ നടത്തിയ കേസ്സിലും അടക്കം മൂന്ന് ക്രിമിനൽക്കേസിലെ പ്രതിയാണ്.

കൊടുങ്ങല്ലൂർ ഡി വൈ എസ് പി ബിജുകുമാർ പി സി, വാടാനപ്പിള്ളി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഷൈജു എൻ ബി, സബ്ബ് ഇൻസ്പെക്ടർമാരായ വിനീത്, സുബിൻ ജില്ലാ ഡാൻസാഫ് അംഗങ്ങളായ ജി എസ് ഐ പ്രദീപ് സി ആർ, എഎസ്ഐ ലിജു ഇയ്യാനി, സിവിൽ പോലീസ് ഓഫീസർമാരായ ബിജു, സുർജിത്ത് സാഗർ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

രാഹുൽ മാങ്കൂട്ടത്തിലിന് ബെംഗളൂരുവിൽ സഹായം ഒരുക്കിയവരിൽ രാഷ്ട്രീയ ബന്ധമുള്ള മലയാളി അഭിഭാഷകയും

കോഴിക്കോട്: രാഹുൽ മാങ്കൂട്ടത്തിലിന് ബെംഗളൂരുവിൽ സഹായം ഒരുക്കിയവരിൽ രാഷ്ട്രീയ ബന്ധമുള്ള മലയാളി അഭിഭാഷകയും. നിയമോപദേശം തേടി എത്തിയ രാഹുൽ മാങ്കൂട്ടത്തിലിന് അഭിഭാഷക സഹായം നൽകിയെന്നും ആഡംബര റിസോർട്ടുകളിൽ ഒളിവിൽ കഴിയാൻ കർണാടകയിലെ രാഷ്ട്രീയ ബന്ധങ്ങൾ രാഹുലിന് സഹായകരമായി എന്നുമാണ് വിവരം. ഇവിടേക്ക് ബുധനാഴ്ച വൈകിട്ട് പൊലീസ് എത്തിയെങ്കിലും രണ്ട് മണിക്കൂർ മുൻപ് രാഹുൽ മുങ്ങി.

രാഹുലിന് സഹായമൊരുക്കുന്നതിൽ കർണാടകയിൽ നിന്നുള്ള കോൺഗ്രസ് നേതാക്കളാണെന്ന് നേരത്തേ തന്നെ അഭ്യൂഹം പരന്നിരുന്നു. രാഹുലിനു വാഹനം എത്തിച്ചുനൽകുന്നതും യാത്രയ്ക്കുള്ള വഴികൾ കണ്ടെത്തുന്നതും ബെംഗളൂരുവിലെ കോൺഗ്രസ് ബന്ധമുള്ള റിയൽ എസ്റ്റേറ്റ് വ്യവസായികളായ ചിലരാണെന്നാണ് പൊലീസിനു ലഭിക്കുന്ന വിവരം.

രാഹുൽ, കർണാടക-തമിഴ്നാട് അതിർത്തിയിയായ ബാഗലൂരുവിൽനിന്ന് ബെംഗളൂരുവിലേക്ക് പോയതായി അന്വേഷണ സംഘത്തിന് വിവരം ലഭിച്ചിരുന്നെങ്കിലും പിന്നീട് രാഹുൽ എവിടേക്കുപോയി എന്നതിൽ അന്വേഷണ സംഘത്തിന് വ്യക്തത ഇല്ല. അന്വേഷണ സംഘം ബാംഗ്ലൂരിൽ തുടരുന്നുണ്ട്.

ജീവനക്കാർക്ക് ഏകദിന നിയമ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

തൃശൂർ: സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ലോകമെമ്പാടും ആചരിക്കുന്ന ഓറഞ്ച് ദി വേൾഡ് കാമ്പയിന്റെ ഭാഗമായി ജില്ലാ വനിതാ ശിശു വികസന ഓഫീസ് ജില്ലയിലെ വിവിധ വകുപ്പ് ജീവനക്കാർക്കായി ഏകദിന നിയമ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

അസിസ്റ്റന്റ് കളക്ടർ സ്വാതി മോഹൻ റാത്തോഡ് പരിപാടി ഉദ്ഘാടനം നിർവഹിച്ചു. തൃശ്ശൂർ ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ പി മീര അധ്യക്ഷത വഹിച്ചു.

സ്ത്രീധന സമ്പ്രദായം, ഗാർഹിക പീഡനം, ബാലവിവാഹം തുടങ്ങിയ സാമൂഹിക ദുരാചാരങ്ങൾ ഉന്മൂലനം ചെയ്യുന്നതിനും സ്ത്രീകൾക്കെതിരെയുള്ള എല്ലാത്തരം അതിക്രമങ്ങളും അവസാനിപ്പിക്കുന്നതിനും പൊതുജനശ്രദ്ധ കൊണ്ടുവന്ന് സമൂഹമനോഭാവത്തിൽ മാറ്റം ഉണ്ടാക്കുക എന്നതാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്. പോഷ് ആക്ട്, ഗാർഹിക പീഡന നിയമം, ശൈശവ വിവാഹ നിരോധന നിയമം, സ്ത്രീധന നിരോധന നിയമം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള സൈബർ ആക്രമണങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച് ക്ലാസ്സ് എടുത്തു. സൈബർ സെല്ലിലെ സബ് ഇൻസ്പെക്ടർ ഫീസ്റ്റോ ടി.ഡി., ടി.എൽ.എസ്.സി. പാനൽ അഡ്വക്കേറ്റ് അർച്ചന ടി.കെ. എന്നിവരാണ് ക്ലാസ്സുകൾ നയിച്ചത്.

ജില്ലാ ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസർ എൻ ദിവ്യ, വനിതാ സംരക്ഷണ ഉദ്യോഗസ്ഥ ആർ സൗമ്യ, മിഷൻ ശക്തിയിലെ ഫിനാൻഷ്യൽ ലിറ്ററസി സ്പെഷ്യലിസ്റ്റ് ബി. എസ് സുജിത്ത്, ജില്ലാ വനിതാ ശിശു വികസന വകുപ്പ് ജൂനിയർ സൂപ്രണ്ട് കെ എൽ ഷൈജു എന്നിവർ സംസാരിച്ചു. ജില്ലയിലെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ പങ്കെടുത്തു.

ഐക്യ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം

ഇരിങ്ങാലക്കുട : ഐക്യ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പ് കൺവെൻഷൻ രാജീവ് ഗാന്ധി മന്ദിരത്തിൽ മുൻ കെ.പി.സി.സി. പ്രസിഡണ്ട് എം.എം. ഹസൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് മണ്ഡലം കമ്മറ്റി പ്രസിഡണ്ട് സി. എസ്. അബ്ദുൽ ഹഖ് അധ്യക്ഷത വഹിച്ചു.

കെ.പി.സി.സി. ജനറൽ സെക്രട്ടറിമാരായ ഒ അബ്ദുൾ റഹ്മാൻ കുട്ടി , സോണിയ ഗിരി, കെ.പി.സി.സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ, ഡി. സി. സി. ജനറൽ സെക്രട്ടറി അഡ്വ . സതീഷ് വിമലൻ, ബ്ലോക്ക് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, നഗരസഭാധ്യക്ഷ മേരിക്കുട്ടി ജോയ്, മുൻ ബ്ലോക്ക് പ്രസിഡണ്ട് ടി.വി. ചാർളി, എന്നിവർ പ്രസംഗിച്ചു.

യോഗ പ്രകൃതി ചികിത്സക്ക് സെൻട്രൽ രജിസ്ട്രേഷൻ ലഭ്യമാക്കണം: ഇനിഗ്ര

എറണാകുളം: ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ആയുർവേദ, സിദ്ധ, യുനാനി വിഭാഗങ്ങളോടൊപ്പം യോഗ പ്രകൃതിചികിത്സയേയും നാഷണൽ കമ്മീഷൻ ഫോർ ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിൽ (NCISM) ഉൾപെടുത്തി സെൻട്രൽ രജിസ്ട്രേഷൻ നല്കണം എന്ന് ഇൻഡ്യൻ നാച്ചുറോപ്പതി ആൻറ് യോഗ ഗ്രാഡുവേറ്റ്സ് മെഡിക്കൽ അസ്സോസിയേഷൻ (INYGMA) ആവശ്യപ്പെടുന്നു. ഈ ആവശ്യം ഉന്നയിച്ച് ഇനിഗ്ര കേരള ചാപ്റ്റർ 06/12/2025 ശനിയാഴ്ച വൈകിട്ട് 3.30 ന് കലൂർ പോസ്റ്റ് ഓഫീസ് പടിക്കലേയ്ക്ക് ജാഥയും പൊതുസമ്മേളനവും നടത്തും.

ഇനിഗ്ര അഖിലേന്ത്യാ നേതാക്കളായ ഡോ. ദിനേശ് കർത്ത, ഡോ. സിജിത്ത് ശ്രീധർ, കേരള നേതാക്കളായ ഡോ. ഷിംജി പി.നായർ, ഡോ.നവീൻ വാസു, ഡോ.ആൻസ് മോൾ വർഗീസ്, ഡോ.ബാബു ജോസഫ് എന്നിവർ ആവശ്യങ്ങൾ വിശദീകരിച്ച് പ്രസംഗിക്കും. ന്യൂറോ ലിങ്കിസ്റ്റിക് പ്രോഗ്രാമിങ് എന്ന വിഷയത്തെ അധികരിച്ച് ഡോക്ടർമാർക്ക് വേണ്ടി ഒരു തുടർ വിദ്യാഭ്യാസ പരിപാടിയും (CME) അന്നേ ദിവസം കലൂർ ആസാദ് റോഡിൽ ഉള്ള റെന്യൂവൽ സെന്ററിൽ വെച്ച് നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

നിര്യാതയായി